വിദഗ്ധ ചികിത്സ ആവശ്യമായ രോഗികളായ തീർത്ഥാടകരെ പമ്പയിൽ നിന്നും പത്തനംതിട്ട ഗവൺമെന്റ് ഹോസ്പിറ്റലിലേക്കും കോട്ടയം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലേക്കും എത്തിക്കുന്നതിനുവേണ്ടി സൗജന്യമായി ആംബുലൻസ് സർവ്വീസുകളും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമേ എരുമേലിയിൽ പ്രത്യേക ഡിസ്പെൻസറിയും ആംബുലൻസ് സർവ്വീസും, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മെഡിക്കൽ എയ്ഡ് പോസ്റ്റ് സംവിധാനവും ആംബുലൻസ് സേവനവും, കുമളി, വണ്ടിപ്പെരിയാർ, പീരുമേട്, പെരുവന്താനം എന്നീ സ്ഥലങ്ങളിൽ തീർത്ഥാടകർക്കായി പ്രത്യേക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ തീർത്ഥാടനകാലത്ത് പ്രത്യേകമായി 14 ആംബുലൻസുകളുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇടത്താവളങ്ങളിൽ തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യം, ശുദ്ധജല വിതരണം, ടോയ്ലറ്റ് സൗകര്യം തുടങ്ങിയവ ഈ വർഷവും ഏർപ്പെടുത്തിയിട്ടുണ്ട്.

ബയോമെഡിക്കൽ വേസ്റ്റിന്റെ കാര്യക്ഷമമായ വികേന്ദ്രീകൃത ട്രീറ്റ്മെന്റ്

29 (*89) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബയോമെഡിക്കൽ വേസ്റ്റിന്റെ കാര്യക്ഷമമായ വികേന്ദ്രീകൃത ട്രീറ്റ്മെന്റ് സംബന്ധിച്ച് കൊച്ചി സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ ആവിഷ്കരിച്ച പുതിയ പദ്ധതിയുടെ വിശദാംശം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം എവിടെയെങ്കിലും പരീക്ഷിച്ചു നോക്കിയതായി അറിവുണ്ടോ ; എങ്കിൽ ഫലമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ടെക്നോളജി ഫലപ്രദമാണെങ്കിൽ സംസ്ഥാനത്ത് ഒട്ടാകെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഉണ്ട്.

(ബി&സി) Qualified Private Medical Practitioners & Hospitals Associations, School of Environment Studies, കൊച്ചി സർവ്വകലാശാലയുമായി ചേർന്ന് Placenta Anaerobic Bioreactor (PAB), Body Parts Anaerobic Bioreactor (BPAP) എന്നീ സാങ്കേതിക വിദ്യകൾ ബയോ മെഡിക്കൽ വേസ്റ്റ് ചട്ടങ്ങളിലെ കാറ്റഗറി1-ൽപ്പെടുന്ന ആശുപത്രി മാലിന്യം സംസ്കരിക്കുന്നതിന് വികസിപ്പിച്ചെടുത്തു. എന്നാൽ 1998-ൽ വിജ്ഞാപനം ചെയ്ത ബയോമെഡിക്കൽ വേസ്റ്റ് ചട്ടങ്ങൾ പ്രകാരം ചട്ടങ്ങളിൽ പ്രതിപാദിക്കാത്ത സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് Bio Medical Waste സംസ്കരിക്കണമെങ്കിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (സി.പി.സി.ബി) അനുമതി ആവശ്യമായതിനാൽ ഈ സാങ്കേതിക വിദ്യ അംഗീകരിക്കുന്നതിന് സി.പി.സി.ബി.-യെ സമീപിച്ചപ്പോൾ ടി സാങ്കേതിക വിദ്യ അംഗീകരിക്കാൻ കഴിയില്ല എന്ന് അറിയിക്കുകയും മേൽ തീരുമാനത്തിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും WP No. 29579/2005 ഫയൽ ചെയ്യുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തിന്മേൽ മലിനീകരണ നിയന്ത്രണ ബോർഡ് QPMPA-യുടെ സാങ്കേതിക വിദ്യ പരിശോധിക്കുകയും ആയത് ബയോ മെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിന് അനുയോജ്യമല്ല എന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിക്കുകയും ചെയ്തു. അതേ തുടർന്ന് ടി സാങ്കേതിക വിദ്യ ഉപയോഗിക്കരുതെന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശം നല്കി. പ്രസ്തുത നിർദ്ദേശത്തിനെതിരെ ടി സംവിധാനം ഉപയോഗിച്ചിരുന്ന രണ്ട് ആശുപത്രികൾ ഹൈക്കോടതിയിൽ WP(C) No. 35951/2007, WP(C) No. 21342/2006 ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ടി സംവിധാനങ്ങൾ പരിശോധിക്കണമെന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് ഒരിക്കൽ കൂടി നിർദ്ദേശം നല്കുകയും പ്രസ്തുത സംവിധാനങ്ങളെ സംബന്ധിച്ച കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ തീരുമാനം ഉണ്ടാകുന്നതുവരെ തൽസ്ഥിതി തുടരാനും ഉത്തരവായി.

(ഡി) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ഉണ്ടെങ്കിൽ മാത്രമേ പ്രസ്തുത ടെക്നോളജി പ്രവർത്തിപ്പിക്കുന്നതിന് അനുമതി നല്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly